"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് ഭരണപരം - പത്തനംതിട്ട ഡിവിഷനിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ച ശ്രീ. രാഹുൽ.വി-ക്ക് അടിസ്ഥാന പരിശീലനത്തിന് പ്രവേശിപ്പിക്കുവാൻ സമയം നീട്ടി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.433/2026/TAXES തീയതി,തിരുവനന്തപുരം, 16-05-2026

---

പരാമർശം:-

1. പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 24/02/2026-ലെ DP2 1396/2025 നമ്പർ ഉത്തരവ്
2. എക്സൈസ് അക്കാദമി ഡയറക്ടറുടെ 10/04/2026-ലെ SEARC/77/2026 SEA3 നമ്പർ ഉത്തരവ്
3. ശ്രീ. രാഹുൽ.വി 21.04.2026-ൽ സമർപ്പിച്ച അപേക്ഷ
4. എക്സൈസ് കമ്മീഷണറുടെ 25.04.2026-ലെ EXC/2263/2026-XE8 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്യുന്നതും പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ചിട്ടുള്ളതും, എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ട്രെയിനിംഗിന് ഹാജരാകുവാൻ നിർദ്ദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. രാഹുൽ.വി ട്രെയിനിംഗിന് ഹാജരാകുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതായും, നിലവിൽ സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്യുന്ന ടിയാനെ തമിഴ് നാട്ടിൽ ഇലക്ഷൻ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളതാണെന്നും, ആയതിനാൽ 22/04/2026-ന് എക്സൈസ് അക്കാദമിയിൽ അടിസ്ഥാന പരിശീലനത്തിന് ഹാജരാകാൻ സാധിയ്ക്കാത്ത സാഹചര്യമാണെന്നും, അതിനാൽ പരിശീലനത്തിൽ പ്രവേശിയ്ക്കുന്നതിന് 11/05/2026 വരെ സമയം ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ടിയാന്റെ നിയമന ഉത്തരവ് തീയ്യതി 24/02/2026

ആയതിനാൽ നിയമന അധികാരിക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകാവുന്ന 45 ദിവസത്തെ കാലയളവ് കഴിഞ്ഞിട്ടുള്ളതാണെന്നും അറിയിച്ച് ടി അപേക്ഷയും അനുബന്ധ രേഖകളും ശിപാർശയോടെ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ചിട്ടുള്ളതും, എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ട്രെയിനിംഗിന് ഹാജരാകുവാൻ നിർദ്ദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. രാഹുൽ . വി- ക്ക് അടുത്ത് ആരംഭിയ്ക്കുന്ന പരിശീലന ബാച്ചിൽ ഹാജരാകുന്നതിന് പ്രവേശനകാലം ദീർഘിപ്പിച്ചു നൽകിയും ടിയാനെ അടുത്ത് ആരംഭിയ്ക്കുന്ന പരിശീലന ബാച്ചിൽ പ്രവേശിപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
3. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/95/2026-നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 16-05-2026 19:05:33